# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.581** **29.01.2019-ൽ മറുപടിക്ക്**

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

| | ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | 2016 മുതൽ പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതും ഈ കാലയളവിൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ? | | 2016 മുതൽ, പട്ടാമ്പി മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ട്, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 8.49 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 18.56 കി. മീ 11 കെ. വി ലൈനും, 28.67 കി. മീ എൽ.ടി ലൈനും നിർമിക്കുകയും 11.23 കി. മി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും, 1.1 കി. മി, 11 കെ. വി ലൈനിന്റെയും 43.19 കി.മി എൽ. ടി ലൈനിന്റെയും ചാലകശേഷി കൂട്ടുകയും, 28 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 6109 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 70.84 ലക്ഷം രൂപയുടെ പ്രവൃത്തികളിൽ MLA ഫണ്ടിൽ നിന്നും ലഭിച്ച 25 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു.<br>2018-2021 കാലയളവുകളിൽ ആഗോള നിലവാര ത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേ റിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിരിക്കുന്ന 'ദ്യുതി 2021' പദ്ധതിയിൽ ഉൾപ്പെടുത്തി, പട്ടാമ്പി മണ്ഡലത്തിൽ 88.13 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി യായിട്ടുണ്ട്. ഇതു പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>കൂടാതെ, പട്ടാമ്പിയിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 18.09.2017-ൽ ഭരണാനുമതി ആയിട്ടുള്ളതാണ്. സബ്സ്റ്റേഷനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നു വരുന്നു. |

Kemalle

സെക്ഷൻ ഓഫീസർ